LIBRARY ARCHIVES Kerala Legislative Assembly

കൊടുവള്ളി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഡോക്ടർമാരെ നിയമിക്കാൻ നടപടി

148 [1675] ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ എത്തുന്ന രോഗികളുടെ ചികിത്സയ്ക്ക് ആവശ്യത്തിന് ഡോക്ടർമാരില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് പരിഹരിക്കാൻ കൂടുതൽ ഡോക്ടർമാരെ അനുവദിക്കണമെന്ന ആവശ്യം അംഗീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഈ ആവശ്യത്തിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആന്റ് (സി) കൊടുവള്ളി പ്രാഥമികാരോഗ്യകേന്ദ്രം സാമൂഹ്യാരോഗ്യ കേന്ദ്രമായി ഉയർത്തിയിട്ടുണ്ട്. എന്നാൽ പുതിയ തസ്തികകൾ അനുവദിക്കാൻ സ്റ്റാഫ് പാറ്റേൺ പുതുക്കേണ്ടതുണ്ട്. അതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികളിൽ തീരുമാനമുണ്ടാകുന്നതാണ്.

ഉള്ള്യേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ ഔട്ട് പേഷ്യന്റ്-ഇൻപേഷ്യന്റ് സൗകര്യങ്ങൾ

149 [1676] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ഉള്ള്യേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഏതെല്ലാം തസ്തികകൾ അനുവദിക്കപ്പെട്ടിട്ടുണ്ട്;

(ബി) ഇതിൽ ഏതെല്ലാം തസ്തികകൾ ഇപ്പോൾ ഒഴിഞ്ഞുകിടക്കുന്നു എന്ന് വെളിപ്പെടുത്താമോ;

(സി) 2003, 2004 വർഷങ്ങളിൽ ആകെ എത്ര പേരെ ഔട്ട് പേഷ്യന്റായി ചികിത്സിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ എത്രപേരെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യം ഉണ്ട്;

(ഇ) 2004-2005 സാമ്പത്തിക വർഷത്തിൽ എത്രപേരെ കിടത്തി ചികിത്സിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിലെ ഉള്ളിയേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ താഴെപ്പറയുന്ന തസ്തികകൾ അനുവദിച്ചിട്ടുണ്ട് :

	തസ്തിക	എണ്ണം
	സിവിൽ സർജൻ	1
	അസിസ്റ്റന്റ് സർജൻ	2
	സ്റ്റാഫ് നേഴ്സ്	3
	ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-I	1
	ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-II	1
	നേഴ്സിംഗ് അസിസ്റ്റന്റ്	1
	പാർട്ട് ടൈം സ്വീപ്പർ	1
	ഓപ്താൽമിക് അസിസ്റ്റന്റ്	1
	ലാബ് ടെക്നീഷ്യൻ	1
	ഫാർമസിസ്റ്റ്	1
	ലേഡി ഹെൽത്ത് ഇൻസ്പെക്ടർ	1
	ഹെൽത്ത് ഇൻസ്പെക്ടർ	1
	ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-I	1
	ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II	3
	ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ്	7
	എൽ. ഡി. ക്ലാർക്ക്	1
	പ്യൂൺ	1
	ഡ്രൈവർ	1
(ബി)	അസിസ്റ്റന്റ് സർജൻ	1
	സ്റ്റാഫ് നേഴ്സ്	1
	ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-II	1

എന്നീ തസ്തികകളിൽ ഇപ്പോൾ ഒഴിവുകളുണ്ട്.

(സി) 2003-ൽ 54,012 പേരെയും 2004-ൽ 53,480 പേരെയും ഔട്ട് പേഷ്യന്റ് വിഭാഗത്തിൽ ചികിത്സിച്ചിട്ടുണ്ട്.

(ഡി) 16 പേരെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യം ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) 2004-2005 സാമ്പത്തിക വർഷത്തിൽ രോഗികൾക്ക് കിടത്തി ചികിത്സ നൽകിയിട്ടില്ല. എന്നാൽ നടപ്പ് സാമ്പത്തിക വർഷത്തിൽ ഇതുവരെ 260 രോഗികളെ ചികിത്സ നൽകി നിരീക്ഷണത്തിനായി കിടത്തിയിട്ടുണ്ട്.

നെടുമൺകാവ് പി. എച്ച്. സി.-യിൽ കിടത്തി ചികിത്സ പുനരാരംഭിക്കാൻ നടപടി

150 [1677] ശ്രീ. എഴുകോൺ നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുവത്തൂർ നിയോജകമണ്ഡലത്തിൽപ്പെട്ട നെടുമൺകാവ് പി. എച്ച്. സി.-യിൽ രോഗികളെ കിടത്തി ചികിത്സ നിർത്തിവെച്ചത് എന്നുമുതലാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) നെടുമൺകാവ് പി. എച്ച്. സി.-യിൽ നിലവിലുള്ള തസ്തികകൾ ഏതൊക്കെയെന്ന് കാറ്റഗറി തിരിച്ച് വെളിപ്പെടുത്തുമോ;

(ഡി) ഏതൊക്കെ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുവെന്ന് വെളിപ്പെടുത്തുമോ;

(ഇ) നെടുമൺകാവ് പി. എച്ച്. സി.യിൽ കിടത്തി ചികിത്സ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 18-9-1999 മുതൽ കിടത്തി ചികിത്സ മുടങ്ങിയിരിക്കുകയാണ്.

(ബി) ആവശ്യമായ സ്റ്റാഫിന്റെ കുറവ്

(സി)

1.	സിവിൽ സർജൻ (ജില്ലാ ആശുപത്രിയിൽ വർക്കിംങ് അറേഞ്ച്മെന്റിൽ നിയോഗിച്ചിരിക്കുന്നു)	..	1
2.	അസിസ്റ്റന്റ് സർജൻ	..	2
3.	ഫാർമസിസ്റ്റ്	..	1
3.	ഒപ്താൽമിക് അസിസ്റ്റന്റ്	..	1
5.	ലാബ് ടെക്നീഷ്യൻ	..	1
6.	സ്റ്റാഫ് നേഴ്സ്	..	2
7.	നേഴ്സിംഗ് അസിസ്റ്റന്റ്	..	1
8.	ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-II	..	1

LIBRARY ARCHIVES Kerala Legislative Assembly